# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

സി.വി.കെ.എം.എച്ച്.എസ്.എസ്

കിഴക്കേകല്ലട

## ആമുഖം

അക്ഷരങ്ങളുടെ മനുഷ്യനും സാമൂഹികപരിഷ്ക്കർത്താവും ശ്രീനാരായണഗുരുവിന്റെ അനുയായിയും കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ ആദ്യ പഥികരിലൊരാളുമായ ശ്രീ.സി.വി.കുഞ്ഞുരാമൻ അവർകളുടെ നാമധേയത്തിലുള്ള വിദ്യാലയമാണ് സി.വി.കെ.എം.ഹയർസെക്കണ്ടറി സ്കൂൾ. ആത്മീയ പ്രബുദ്ധതയും സാമൂഹികസമത്വവും പ്രോൽസാഹിപ്പിക്കുന്നതിനായി നിലകൊണ്ട കേരളത്തിന്റെ നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ പാദസ്പർശം കൊണ്ട് അനുഗ്രഹിതമായ സ്ഥലത്ത് നിലകൊള്ളുന്ന ഈ സരസ്വതീക്ഷേത്രം, ശതാബ്ദി ആഘോഷത്തിന്റെ നിറവിലേക്ക് ഏകദേശം എത്തിച്ചേർന്നിരിക്കുന്നു. ഇത്തരത്തിൽ മാഹാത്മ്യങ്ങൾ ഏറെയുള്ള ഈ വിദ്യാലയത്തിൽ നിന്ന്, ഈ മഹത്തായ ചടങ്ങിൽ, ഇത്തരത്തിലൊരു റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്.

അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടൂ വരെയുള്ള ക്ലാസുകൾ ഉൾപ്പെടുന്ന ഈ സ്കൂൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ നല്ല നിലവാരം പുലർത്തുന്നു. ഇവിടെ വ്യത്യസ്തമായ യൂണിറ്റുകളും ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ഇവയുടെ നേതൃത്വത്തിൽ സംസ്ഥാന-ദേശീയ തലം വരെയും മികവുറ്റ വിദ്യാർത്ഥികളുടെ സാന്നിധ്യം അറിയിച്ചിട്ടുണ്ട്. എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ യൂണിറ്റുകൾ ഇവിടുത്തെ പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

വിവിധ ക്ലബ്ബുകൾ സ്കൂളിൽ പ്രവത്തിക്കുന്നു. വിദ്യാരംഗം, ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, സയൻസ് ക്ലബ്ബ്, എക്കോ ക്ലബ്ബ്, മാത്സ് ക്ലബ്ബ്, ഐ.ടി ക്ലബ്ബ്, ലഹരി വിരുദ്ധക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് ഇത്തരം ക്ലബ്ബുകൾ സ്കൂളിലെ വിവിധ വിഷയാധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളുടെ വിവിധയിനം പരിപാടികൾ നടന്നുവരുന്നു.
കുട്ടികളുടെ മാനസികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കുവേണ്ടി കൗൺസിംഗ് സെന്റർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വിശാലമായ സ്കൂൾ ഗ്രൗണ്ടാണ് നമ്മുടെ സ്കൂളിൽ ഉള്ളത്. ഇവിടെ വിവിധയിനം മത്സരങ്ങൾക്ക് വേണ്ടി കുട്ടികൾക്ക് നിരന്തരം മികച്ച പരിശീലനം നൽകാറുണ്ട്. സംസ്ഥാനതലംവരെയും കായിക ഇനങ്ങളിൽ ഇവിടുത്തെ കുട്ടികൾ മാറ്റുരച്ചിട്ടുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്.
ശാസ്ത്രാധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ ശാസ്ത്രമേളയിൽ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സ്കൂളിന് കഴിയുന്നുണ്ട്. സ്കൂൾ അസംബ്ലി മികച്ച രീതിയിൽ നടക്കുന്നുണ്ട്. ഇതിൽ കുട്ടികളുടെ വൈവിധ്യമാർന്ന പരിപാടികളാൽ സമ്പന്നമാണ്. ദിനാചരങ്ങൾ പ്രാധാന്യം കണക്കിലെടുത്ത് വൈവിധ്യമാർന്ന പരിപാടികളോടെ സ്കൂളിൽ കൊണ്ടാടുന്നു.

സ്കൂളിന്റെ മികച്ച പ്രവർത്തനത്തിന് സ്കൂൾ മാനേജർ ബഹു.വി.അമ്പിളി അവർകളുടെ പിന്തുണ എല്ലായ്പ്പോഴും ഉണ്ടാകാറുണ്ട്. സ്കൂളിന്റെ കേന്ദ്രസ്ഥാനത്ത് നിന്നുകൊണ്ട് എല്ലാം ഏകോപിപ്പിച്ചുകൊണ്ട് മികച്ചരീതിയിൽ സ്കൂളിനെ നയിക്കുന്ന മാർഗദീപങ്ങളാണ് ബഹു.പ്രിൻസിപ്പൽ ശ്രീമതി.വി.ലക്ഷ്മി ടീച്ചറും ബഹു.എച്ച്.എം ശ്രീ.ജോസ് ജോൺ സാറും... അതിനൊപ്പം മികച്ച നിലയിൽ പ്രവർത്തിക്കുന്ന പി.ടി.എ കമ്മിറ്റിയെ നയിക്കുന്നത് ശ്രീ.അജീഷ്കുമാർ അവർകളാണ്. കൊല്ലം ജില്ലയിലെ പ്രകൃതിരമണീയമായ കിഴക്കേകല്ലട പഞ്ചായത്തിലെ പ്രകൃതിദത്തമായ കോട്ടപോലെ കാണപ്പെടുന്ന ചിറ്റുമലക്കുന്നിന്റെ മുകളിൽ സ്ഥിതിചെയ്യുന്ന മനോഹമായ അക്ഷരക്കളരിയാണ് തലമുറകളുടെ പ്രവർത്തന

പാരമ്പര്യമുള്ള സി.വി.കെ.എം.എച്ച്.എസ്.എസ്. തെക്കേക്കര മാനേജർ എന്നറിയപ്പെടുന്ന ശ്രീ.കുഞ്ഞുപിള്ള അവർകൾ സ്ഥാപിച്ച ഈ വിദ്യാലയമുത്തശ്ശിക്ക് 100 വർഷത്തെ ചരിത്രം പറയാനുണ്ട്. കായികരംഗം, കലാരംഗം, വിദ്യാഭ്യാസരംഗം, ബിസിനസ് തുടങ്ങിയ മേഖലകളിൽ പ്രതിഭാധനൻമാരായ പൂർവവിദ്യാർത്ഥികൾ ഈ സ്കൂളിന് സ്വന്തമായുണ്ട്. ഏത് കാര്യത്തിനും സ്കൂളിനെ പിന്തുണച്ചുകൊണ്ട് നിൽക്കുന്ന ഈ നാട്ടിലെ പ്രദേശവാസികൾ ഈ സ്കൂളിന്റെ നെടുംതൂണാണ്. മത്സ്യബന്ധനം, ഗവൺമെന്റ് ജോലി, കൃഷി, കാഷ്യൂ, കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ രക്ഷകർത്താക്കളുടെ മക്കളാണ് ഈ സ്കൂളിൽ പഠിക്കുന്നത്.

മികച്ചനിലയിലുള്ള സ്കൂൾകെട്ടിടം, ക്ലാസ് മുറികൾ, കമ്പ്യൂട്ടർലാബ്, സയൻസ് ലാബ്, വാഹനസൗകര്യം, സ്പോർട്സ് ഉപകരണങ്ങൾ തുടങ്ങിയവ ഈ സ്കൂളിന്റെ പ്രത്യേകതകളാണ്. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും പരിപാടികൾക്കും മത്സരങ്ങൾക്കും വേദിയാകുന്ന സ്കൂൾ ആഡിറ്റോറിയം ഈ സ്കൂളിന്റെ പ്രത്യേകതയാണ്.

**അക്കാദമിക മാസ്റ്റർ - (2025 - 26)**

**<u>വിദ്യാലയം പ്രതീക്ഷിക്കുന്ന ലക്ഷ്യങ്ങൾ</u>**

1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
2. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കി സ്വന്തം കഴിവുകൾ കണ്ടെത്തി അവരെ ഉയർന്ന തലത്തിലെത്തിക്കുക.
3. കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.
4. ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും അവയുമായി ബന്ധപ്പെട്ട ക്ലാസ്റൂം പ്രവർത്തങ്ങളിൽ കുട്ടികളുടെ കാര്യക്ഷമമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
5. ദിനാചരണങ്ങൾ അർത്ഥപൂർണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
6. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസരസാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
7. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജ്ജന അവബോധം, ശാസ്ത്രാവബോധം, വിമർശന അവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
8. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾപ്പെടെ ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
9. സമഗ്ര പഠനപുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.
10. സംഘപഠനം ഉൾപ്പടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.
11. കുട്ടികളിലെ കലാ, കായിക, സർഗാത്മക കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക വർക് ഷോപ്പ്, പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

| മേഖല :- യു.പി. ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | Lend Your Ear – ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| ഭാവാത്മകമായ വായന പരിശീലിപ്പിക്കുന്നു | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണമായതിലേക്ക്) | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Fun time Funda കടംകഥകൾ, കുസൃതിചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പീരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറാം ക്ലാസിൽ റോൾ പ്ലേ<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ ഭാരവാഹികൾ രക്ഷിതാക്കൾ | |

| മേഖല :- യു.പി. മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. പദസമ്പത്ത് വളർത്തുക | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക് : പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മാസ്റ്റർ, മലയാളം അധ്യാപകർ | |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ കമ്പ്യൂട്ടറിംഗ് മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>കുട്ടികളുടെ സർഗാത്മകരചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | രണ്ട് വർഷം<br>വർഷാവസാനം | ഐ.ടി അധ്യാപകർ<br>മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്ക്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. വിദഗ്ധരായ നാടക കലാകാരന്മാർ, മറ്റ് കലാകാരന്മാർ ഇവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാല | വർഷത്തിൽ 2 പ്രാവശ്യം | മലയാളം അധ്യാപകർ, പി.ടി.എ ഭാരവാഹികൾ രക്ഷിതാക്കൾ | |

**മേഖല :- യു.പി. ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി അക്ഷരങ്ങൾ ഇഷ്ടപ്പെടുക, പരിചയപ്പെടുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി പഠിപ്പിക്കുക.<br>ചിത്രങ്ങൾ, ചാർട്ട്, സിഡി യിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ സി.ഡി ഉപയോഗിച്ച് കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹെഡ്മാസ്റ്റർ, ഹിന്ദി അധ്യാപകർ | |

**<u>മേഖല :- യു.പി. സോഷ്യൽ സയൻസ്</u>**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ജൈവവേലി ഉൾപ്പെടുത്തി ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><u>കണ്ടറിയാനൊരു യാത്ര</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | അക്കാദമിക വർഷം<br><br><br><br><br>ജൂലൈ | ശാസ്ത്രാധ്യപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്<br><br><br>ശാസ്ത്രാധ്യപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ<br><br><br><br><br>രക്ഷിതാക്കൾ |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈന്റ്<br>ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഹെൽത്ത് ക്ലബ്ബ്, സയൻസ് ക്ലബ്ബ് | |
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

**മേഖല : യുപി ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടി കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് )എന്നിവ ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല ജാപ്പനീസ് കലാലയ ഒറിഗാമികളുടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങ ൾ സുഗമമാക്കൽ | വിദ്യാലയത്തി ലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസ രണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിത പഠനത്തിനാ യി പ്രയോജനപ്പെ ടുത്തുന്നു | ഐടി സാധ്യതകളിലൂ ടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയക ൾ, ടാൻ ഗ്രാം ഇത്തരം പ്രവർത്തനങ്ങ ൾ ഐടി സാധ്യതകൾ ഉപയോഗപ്പെ ടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയും | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങ ൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | വിനീത അധ്യാപകരും സമൃദ്ധരായ കുട്ടികളും | |

**മേഖല യു.പി സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ യുവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്രം അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയും മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | | | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനം നടത്താൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെ മക്കളെ (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**<u>മേഖല ഹൈസ്കൂൾ മലയാളം</u>**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ അക്ഷര കാർഡ് നൽകൽ വാക്കുകൾ നിർമ്മിക്കുക വാക്യങ്ങൾ നിർമ്മിക്കാം ചിത്രം അടിക്കുറിപ്പ് ചിത്രം കഥയെഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ആഗസ്റ്റ് സെപ്റ്റംബർ | ചിത്രങ്ങൾ പുസ്തകങ്ങൾ | അധ്യാപകർ പിടിഎ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ സമീപ ഗ്രന്ഥശാല അംഗത്വം പത്രവായന പുസ്തക ചർച്ച വായനാനുഭവം ദിനാചരണം ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ഇ-വായന | ആറു മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി സമീപത്തെ ലൈബ്രറി ആനുകാലിക പ്രസിദ്ധീകരണങ്ങൾ പത്രങ്ങൾ ഇൻറർനെറ്റ് കമ്പ്യൂട്ടർ | പിടിഎ അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തുകൂട്ടം രൂപീകരണം പുസ്തക ചർച്ച | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പിടിഎ അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വായനാക്കുറിപ്പ് പതിപ്പ് വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ ചുമർപത്രിക വ്യക്തിഗത രചന സംഘ രചന ഭാഷാ പ്രോജക്ട് സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം | | | |
| സദസ്സിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു | ആറുമാസം | ഓഡിയോ വീഡിയോ | ട്രെയിനർ അധ്യാപകർ |

**<u>മേഖല ഹൈസ്കൂൾ</u>**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ അക്ഷര കാർഡ് നൽകൽ വാക്കുകൾ നിർമ്മിക്കുക വാക്യങ്ങൾ നിർമ്മിക്കാം ചിത്രം അടിക്കുറിപ്പ് ചിത്രം കഥയെഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ആഗസ്റ്റ് സെപ്റ്റംബർ | ചിത്രങ്ങൾ പുസ്തകങ്ങൾ | അധ്യാപകർ പിടിഎ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ സമീപ ഗ്രന്ഥശാല അംഗത്വം പത്രവായന പുസ്തക ചർച്ച വായനാനുഭവം ദിനാചരണം ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ഇ-വായന | ആറു മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി സമീപത്തെ ലൈബ്രറി ആനുകാലിക പ്രസിദ്ധീകരണങ്ങൾ പത്രങ്ങൾ ഇൻറർനെറ്റ് കമ്പ്യൂട്ടർ | പിടിഎ അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തുകൂട്ടം രൂപീകരണം പുസ്തക ചർച്ച | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പിടിഎ അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വായനാക്കുറിപ്പ് പതിപ്പ് വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ ചുമർപത്രിക വ്യക്തിഗത രചന സംഘ രചന ഭാഷാ പ്രോജക്ട് സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം | | | |
| സദസ്സിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു | ആറുമാസം | ഓഡിയോ വീഡിയോ | ട്രെയിനർ അധ്യാപകർ |

**<u>മേഖല ഹൈസ്കൂൾ ഹിന്ദി</u>**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിക്കുന്നു | കഥ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽ | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുക | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തകർ വാർത്ത വായനക്കാർ ജേണലിസ്റ്റുകൾ തുടങ്ങിയ ജോലികൾക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു<br><br>പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള ആഭിമുഖം | അക്കാദമിക വർഷം | രക്ഷിതാക്കൾ പി ടി എ ഹിന്ദി അധ്യാപകർ | |

**മേഖല : ഹൈസ്കൂൾ സയൻസ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| അത്ഭുത കണ്ണിലൂടെ കൗതുകം വിദ്യാഭ്യാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br><br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ശേഷി നേടുകയും ചെയ്യുന്നു | അവസരം നൽകുന്നു<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | | | |
| ആയുർ രേഖ | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ മാനേജ്മെൻറ് |
| വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ശാസ്ത്രകാരന്മാരുമായി സംവദിക്കൽ സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | മാനേജ്മെൻറ് |

**മേഖല : ഹൈസ്കൂൾ ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോട്ടു നിൽക്കുന്ന കുട്ടികൾ | |
| നിർമിതികളിലെ ശേഷി കൈവരിക്കാൻ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ നിന്ന് | അധ്യാപകർ പിടിഎ | |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| രക്ഷകർത്താക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ , എച്ച് എം പിടിഎ പ്രസിഡണ്ട് | പിടിഎ |

**<u>മേഖല : ഹൈസ്കൂൾ : സാമൂഹ്യശാസ്ത്രം</u>**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂരൂപപ്പെടുത്തുക | കാടും മേടും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വയൽക്കിളികൾ സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. ഒന്നായി നമ്മൾ സ്കൂൾ പാർലമെൻറ് മോക്ക് പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇരയ്ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനും ആയി നടത്തുന്നു. തീയതികൾ നേരത്തെ കൂട്ടി തീരുമാനിക്കുന്നു.<br><br>അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | പിടിഎ രക്ഷകർത്താക്കൾ |
| മതേതരത്വം സഹിഷ്ണുത എന്നിവ | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| വളർത്തി ക്രിയാത്മക പ്രവർത്തന ത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | | | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക, തലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് മാപ്പുകൾ ബ്ലോഗ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | എന്നിവയെ ക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം പ്രൊജക്റ്റ് റൂം. | | | |

**മേഖല ICT**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക. | അക്കാദമിക് വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| ഓരോ കാലഘട്ടത്തിലും | സൈബർ ദുരുപയോഗങ്ങൾക്കെതി | അക്കാദമിക വർഷം | സൈബർ സെൽ സൈഡ് | |

| | | | | |
|---|---|---|---|---|
| സാങ്കേതികവിദ്യകൾ നൂതനമാകുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ബോധവൽക്കരിക്കുക | രെയുള്ള ബോധവൽക്കരണം മാറി മാറി വരുന്ന സാങ്കേതികവിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | ലൈൻ | |
| നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക അതുവഴി സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പ്രചാരത്തിൽ ആക്കുക | സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു | അക്കാദമിക വർഷം | ഐ ടി അധ്യാപകർ | |

**മേഖല : അക്കാദമികം**
**കല (ചിത്രം സംഗീതം)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രകല, ചിത്രം വരയ്ക്കുന്നതിനുള്ള പരിശീലനം | പ്രത്യേകതരം മുറി സജ്ജമാക്കി ഉപകരണങ്ങൾ വയ്ക്കൽ | അവധിക്കാലം | ആർട്ട് അധ്യാപകൻ | |
| ചിത്രകല ക്യാമ്പ് | ചിത്രകലയിൽ പ്രാവീണ്യമുള്ളവർക്ക് അവധിക്കാലത്ത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ആർട്ട് ശില്പശാല | അവധിക്കാലം | ആർട്ട് അധ്യാപകൻ | |
| കേരള സ്കൂൾ കലോത്സവ പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവ് ദിന പരിശീലനങ്ങൾ | ഒഴിവ് ദിനങ്ങൾ | ആർട്ട് അധ്യാപകൻ | |

**മേഖല : അക്കാദമികം**
**ഉപ മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം**

| | | | | |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | രാവിലെയും വൈകുന്നേരവും വൈകുന്നേരവും പരിശീലനങ്ങൾ | ആഴ്ചയിൽ മൂന്നുദിവസം | കായികാധ്യാപകൻ | പിടിഎ എസ് എം സി |
| ആരോഗ്യവന്ന മനത്തിനായി സ്കൂൾ കായിക വേദിയുടെ തനത് പ്രവർത്തനങ്ങൾ | കായിക ക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ | യഥാ കാലങ്ങളിൽ | കായിക വേദി കൺവീനർ | പിടിഎ |
| ഉപജില്ല ജില്ല സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | വെക്കേഷൻ മറ്റ് അവധി ദിവസങ്ങളിൽ | കായികാധ്യാപകൻ | പിടിഎ രക്ഷകർത്താക്കൾ |
| പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മവിശ്വാസം വളർത്തലും | പെൺകുട്ടികൾക്ക് ജൂഡോ കരാട്ടെ പരിശീലനം സൈക്ലിംഗ് നീന്തൽ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ | പിടിഎ എസ് ആർ ജി |